**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2657 14.02.2013-ൽ മറുപടിയ്ക്ക്

**ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രണം**

ചോദ്യം | മറുപടി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ)ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ കൈകൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനു വേ ണ്ടി സർക്കാർ ആരംഭിച്ചിട്ടുള്ള മാവേലി, നീതി മെഡിക്കൽ സ്റ്റോറുക ളിൽ മരുന്നുകൾ വില കുറച്ച് വില്ക്കുന്നുണ്ട്. കൂടാതെ കാരുണ്യ ഫാർമസി മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജനറിക് മരുന്നുകൾ വില കുറച്ച് വി ൽക്കുന്നു ണ്ട്. ഗവൺമെന്റ് ഹോസ്പിറ്റലുകൾ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ജനറിക്ക് മരുന്നുകൾ സൗജന്യമായി നൽകുന്നുണ്ട്. |
| (ബി))ജീവൻരക്ഷാ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് കൈകൊള്ളുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി))തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയശേഷമാണ് ഉല്പാദകർ മരുന്നുകൾ വിപണിയിലെത്തിക്കുന്നത്. എന്നിരുന്നാലും കേരളത്തിൽ വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണ നിലവാര പരിശോധനയ്ക്കാ യി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള കടകൾ , ആ ശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് പരിശോധനയ്ക്കായി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേക്ക് അയയ്ക്കാറുണ്ട്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുക ളുടെ ഉ ല്പാദകർക്ക് എതിരെ വകുപ്പുതല /നിയമ നടപടികളും സ്വീകരി ക്കുന്നുണ്ട്. |
| (സി)ഇത്തരം മരുന്നുകളിൽ ഗുണനിലവാരമില്ലാത്തവ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ | (സി)ഗുണനിലവാര പരിശോധനയിൽ ചില മരുന്നുകൾ നിശ്ചിത ഗുണനിലവാരമില്ലത്താതായി ക ണ്ടെത്തിയിട്ടുണ്ട്. |
| (ഡി)എങ്കിൽ അവ നിർമ്മിച്ച കമ്പനികൾക്കെതിരെ എടുത്ത നടപടികളുടെ വിശദാംശങ്ങൾ നൽകാമോ? | (ഡി)ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഉല്പാദിപ്പിച്ചതിന് 2009-ൽ 41 കമ്പനികൾക്കെതിരെയും 2010 -ൽ 36 ഉം, 2011-ൽ 29 ഉം, 2012 ൽ 23 ഉം കമ്പനികൾക്കെതിരെ നിയമ നടപടികൾ/ഡിപ്പാർട്ട്മെന്റൽ നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ